പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1908 — 04.12.2018-ലെ മറുപടിക്ക്

# തിരുവമ്പാടി സബ് ഡിപ്പോ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് എം. തോമസ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി രണ്ടു കോടി എൺപതു ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച തിരുവമ്പാടി കെ.എസ്.ആർ.ടി.സി.സബ് ഡിപ്പോ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ; | (എ) യും (ബി) യും | തിരുവമ്പാടി ബസ് ഡിപ്പോയ്ക്ക് വേണ്ടി 2,78,96,160/- രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിനായി 30.04.2018-ലെ സ.ഉ.(സാധാ) നം. 192/2018/ഗതാ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഭരണാനുമതി നൽകിയത്. എന്നാൽ വിശദമായ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഈ സമയത്ത് ലഭ്യമായിരുന്നില്ല. കൂടാതെ, പരിസ്ഥിതി മലിനീകരണം ഉണ്ടാകാതെ വെയിസ്റ്റ് ഓയിൽ നിർമ്മാർജനം ചെയ്യുന്നതിനുള്ള സൗകര്യം, അംഗപരിമിതർക്കും, കാൽനടക്കാർക്കും ഉള്ള സൗകര്യം എന്നിവ ചെയ്യണമെന്നും, ഈ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയെയാണ് ഏൽപ്പിക്കുന്നതെങ്കിൽ സെന്റേജ് ചാർജ്ജ് നിലവിലെ നിയമ പ്രകാരം മാത്രമേ നൽകാൻ പാടുള്ളൂ എന്നും ഭരണാനുമതി നൽകിയ ഉത്തരവിൽ |
| (ബി) | സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | നിഷ്കർഷിച്ചിരുന്നു.<br>ബഹു. എം.എൽ.എ അഭ്യർത്ഥിച്ച പ്രകാരം, പ്രസ്തുത പ്രവൃത്തി സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന നിർവ്വഹിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 26.07.2018-ലെ സ.ഉ.(സാധാ) നം. 339/2018/ഗതാഗതം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് പ്രസ്തുത പ്രവർത്തി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യെക്കൊണ്ട് നിർവ്വഹണം നടത്തുന്നതിന് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**